**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3200** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കൻഡറി മാതൃക പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ ഒരുമിച്ച് ഇരുത്തി ഹയർസെക്കൻഡറി മാതൃക പരീക്ഷ നടത്തിയതിനെതിരെ ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ ഒന്നിച്ചിരുത്തി ഹയർസെക്കൻഡറി മാതൃക പരീക്ഷ നടത്തിയതിനെതിരെ ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 14-02-2025-നാണ് പ്രാക്ടിക്കൽ പരീക്ഷ അവസാനിച്ചത്. 03-03-2025-ന് പൊതുപരീക്ഷ നടത്തേണ്ടതുള്ളതിനാൽ, മാതൃകാ പരീക്ഷ നടത്തി ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തി കുട്ടികൾക്ക് സംശയനിവാരണം നടത്തേണ്ടതുണ്ട്. ഈ രീതിയിൽ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ ഒരുമിച്ച് ഇരുത്തിയാണ് മാതൃക പരീക്ഷ നടത്തിയിട്ടുള്ളത്. പൊതുപരീക്ഷയ്ക്ക് കുട്ടികളെ തയ്യാറാക്കുന്നതിന് ഗൗരവത്തോടെയുള്ള നടപടിക്രമങ്ങളാണ് മാതൃകാ പരീക്ഷയ്ക്ക് സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | മുൻ വർഷത്തേതിൽ നിന്ന് വ്യത്യസ്തമായി ഇപ്രകാരം ടൈംടേബിൾ ക്രമീകരിച്ചത് എന്ത് അടിസ്ഥാനത്തിലാണ്; ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; പൊതുപരീക്ഷയ്ക്ക് കുട്ടികളെ തയ്യാറാക്കുന്ന മാതൃകാ പരീക്ഷകൾ ഗൗരവത്തോടെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ ഒന്നിച്ചിരുത്തി ഹയർസെക്കൻഡറി മാതൃക പരീക്ഷ നടത്തിയതിനെതിരെ ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 14-02-2025-നാണ് പ്രാക്ടിക്കൽ പരീക്ഷ അവസാനിച്ചത്. 03-03-2025-ന് പൊതുപരീക്ഷ നടത്തേണ്ടതുള്ളതിനാൽ, മാതൃകാ പരീക്ഷ നടത്തി ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തി കുട്ടികൾക്ക് സംശയനിവാരണം നടത്തേണ്ടതുണ്ട്. ഈ രീതിയിൽ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ ഒരുമിച്ച് ഇരുത്തിയാണ് മാതൃക പരീക്ഷ നടത്തിയിട്ടുള്ളത്. പൊതുപരീക്ഷയ്ക്ക് കുട്ടികളെ തയ്യാറാക്കുന്നതിന് ഗൗരവത്തോടെയുള്ള നടപടിക്രമങ്ങളാണ് മാതൃകാ പരീക്ഷയ്ക്ക് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ